

# കുട്ടിപ്പട്ടങ്ങൾ

## സെന്റ് ജോസഫ്സ് ജി എച്ച് എസ് മുണ്ടക്കയം

കുട്ടികളുടെ സർഗ്ഗവാസനകളെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റലായി ആവിഷ്കരിക്കാനുള്ള ഒരു ശ്രമമാണ് **കുട്ടിപ്പട്ടങ്ങൾ** എന്ന ഈ ഡിജിറ്റൽ മാഗസിനിലൂടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നടത്തിയിട്ടുള്ളത്. ഇതിന് പിന്നിൽ പ്രവർത്തിച്ചിട്ടുള്ള എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അവർക്ക് പരിശീലനം നൽകിയ അധ്യാപകർക്കും എല്ലാവിധ ആശംസകളും നേരുന്നു

എന്ന്

ഹെഡ്മിസ്ട്രസ്
മോളി ജോർജ്

# ഉള്ളടക്കം

എഡിറ്റോറിയൽ.............................................. 5

നിന്ദ്യനും വന്ദ്യനും..........................................6

യോഗ .......................................................... 9

സംഗീതം...................................................... 11

ദേവതയും കുട്ടിയും........................................ 12

എന്റെ കേരളം............................................... 16

ഇതാണ് നമ്മുടെ കേരളം............................... 17

കടലോളങ്ങളിലെ കടലാസുതോണി............. 20

മാതൃഭാഷ.................................................... 23

യാത്രാമൊഴി ................................................ 25

മഴ................................................................. 26

സുന്ദര കേരളം...............................................27

മയിൽ .......................................................... 28

ജലം............................................................. 29

സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ.......... 30

നന്ദി ചൊല്ലുന്നു ഞാൻ ....................................... 33

മാനിഷാദാ.................................................... 34

നാടിന്റെ രക്ഷ.............................................. 36

മഹത് വചനങ്ങൾ........................................ 37

അരുവിയുടെ ശക്തി ....................................... 38

എന്റെ വിദ്യാലയം......................................... 40

ഭൂമിയും ഞാനും.............................................. 41

മദ്യവും മനുഷ്യനും.......................................... 42

അമ്മ................................................................. 43

ജലവും പുതുതലമുറയും.................................. 44

കേരളത്തിൽ മതങ്ങൾ.................................. 46

നന്മനിറഞ്ഞ കേരളം.................................... 47

മഴയോട്....................................................... 48

# എഡിറ്റോറിയൽ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ ഒരു സംഘടനയാണ് ലിറ്റിൽ കൈറ്റ്സ്. എല്ലാം ഡിജിറ്റലായി മാറുന്ന ഈ കാലത്ത് വിവരസാങ്കേതികവിദ്യയുടെ വിശാലമായ ലോകത്തേക്കുള്ള ഒരു ചവിട്ടുപടിയാണ് ഈ സംഘടന. ഇതിലെ അംഗങ്ങളായ ഞങ്ങളുടെ ഒരെളിയ സംരംഭമായ 'കുട്ടിപ്പട്ടങ്ങൾ' എന്ന ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ മുന്നിൽ സാദരം സമർപ്പിക്കുന്നു.

********

# നിന്ദ്യനും വന്ദ്യനും

രാമുവും രാജുവും അയൽവാസികളായിരുന്നു.അവർ ഇരുവരും വലിയ സമ്പന്നരുമായിരുന്നു. പക്ഷേ പ്രകൃതത്തിൽ അവർ ഇരുവരും പൂർണ്ണമായും വ്യത്യസ്ഥരായിരുന്നു. അവർക്ക് ധാരാളം സേവകരുണ്ടായിരുന്നു.രാമു എല്ലായിപ്പോഴും സ്വന്തം സേവകരോട് നീചമായാണ് പെരുമാറിയിരുന്നത്, എന്നാൽ നേരേമറിച്ച് , സേവകരോട് വളരെ മാന്യമായാണ് രാജു പെരുമാറിയിരുന്നത്. രാമു അയാളുടെ സേവകരെ അടിമകളെപ്പോലെയാണ് കണ്ടിരുന്നത്, പക്ഷേ രാജു വേലക്കാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തുപോന്നു. അതിനാൽ രാജുവിനെയും അയാളുടെ രീതികളെയും എല്ലാ സേവകരും ജോലിക്കാരും അംഗീകരിച്ചിരുന്നു. രാമുവിന്റെ ജോലിക്കാർ അയാളെ അത്യധികം വെറുത്തിരുന്നു.



രാമു ഒരു പിശുക്കനും കൂടിയായിരുന്നു. കഴിയുന്നിടത്തോളം തന്റെ സേവകരുടെ ആവശ്യങ്ങൾ അയാൾ വെട്ടിച്ചുരുക്കുക പതിവായിരുന്നു.മിക്കപ്പോഴും ഇത് അവരുടെ ജീവിതത്തിൽ ഗൗരവമേറിയ പ്രശ്നങ്ങൾക്ക് കാരണമായി. മഴയത്തും  വെയിലത്തും രാമുവിന്റെ ജോലിക്കാർ വളരെ കഷ്ടപ്പെട്ടു. എന്നാൽ രാജു ജോലി സമയവും വിശ്രമസമയവും പ്രത്യേകം   മാറ്റി മാറ്റി നിറുത്തിയിട്ടുണ്ടായിരുന്നു. ഇത് അയാളുടെ ജോലിക്കാർക്ക് ഉല്ലാസത്തോടെ ജോലിചെയുന്നതിന്   കാരണമായി.

അത് ഒരു ശൈത്യകാലം ആയിരുന്നു. ആ കാലത്തിൻെറ മരവിപ്പിക്കുന്ന കൊടും തണുപ്പിൽ നിന്നും സ്വയം പ്രതിരോധിക്കാനായി രാജു അയാളുടെ സേവകർക്ക് ആവശ്യത്തിനുള്ള പുതപ്പുകളും മറ്റ് ആവശ്യ വസ്തുക്കളും നൽകിയിരുന്നു. പക്ഷേ രാമുവിൻെറ ജോലിക്കാരുടെ കാര്യത്തിൽ, അവർക്ക് പുതപ്പുകളോ മറ്റ് ഉപാധികളോ ഉണ്ടായിരുന്നില്ല. തണുത്ത രാത്രികളിൽ അവർ വിറയ്ക്കുകയും, ചിലർക്ക്  പല പകർച്ച വ്യാധികളും ബാധിച്ചു. രാമുവിന്റെ ജോലിക്കാരുടെ കഷ്ടപ്പാടുകളെക്കുറിച്ച് രാജു അറിയാനാടയായി. രാജു രാമുവിനെ ഉപദ്ദേശിക്കാൻ തയ്യാറായി.

“താങ്കളുടെ ജോലിക്കാർ കുറെ കഷ്ടപ്പെടുന്നുണ്ട്.താങ്കളുടെ ജോലിക്കാരെ വിട്ടുതരുകയാണെങ്കിൽ , ഞാൻ അവരെ നന്നായി നോക്കിക്കോളാം.”

രാമു അയാളെ ധിക്കരിച്ചുക്കൊണ്ട് എതിർത്തുപറഞ്ഞു രാജുവിനെ നിരാശനായി വിട്ടിലേക്കു മടക്കിയയച്ചു.

ഒരു ദിവസം രാമു സുഖമായി ഉറങ്ങുകയായിരുന്നു.രാവിലെ എഴുന്നേറ്റപ്പോൾ അയാളുടെ തലപ്പാവ് മോഷ്ടിക്കപ്പെട്ടതായി അയാൾ കണ്ടെത്തി.എന്നാൽ അയാൾക്ക് അത് ലഭിച്ചില്ല. അടുത്ത രാത്രിയിലും രാമുവിന്റെ കീശയിൽ നിന്നും അയാളുടെ കൈവാള മോഷ്ടിക്കപ്പെട്ടു. പക്ഷേ രാത്രിയിൽ ആരുടെയും സാന്നിധ്യം അയാൾക്ക് അനുഭവപ്പെട്ടില്ല. അടുത്ത രാത്രിയിൽ അയാളുടെ പാദുകങ്ങൾ മോഷ്ടിക്കപ്പെട്ടു.

ആ വീടിനു എന്തോ കുഴപ്പമുള്ളതായി അയാൾക്കു തോന്നി. അയാൾ സ്വന്തം സ്ഥലവും മറ്റും വിറ്റ് ദൂരെ ദേശത്തേയ്ക്കു പോയി. നീചനു ദൈവം പോലും തുണയായിട്ടുണ്ടാവില്ല എന്ന പാഠം അയാൾ മനസ്സിലാക്കി.

* * *

# യോഗ




'യോഗ' പ്രകൃതി ജീവനത്തിന്റെ പ്രതിരൂപമാണ്.പ്രാചീന ഭാരതീയർ ലോകത്തിനു നല്കിയിട്ടുള്ള അമൂല്യ സംഭാവനയാണ് യോഗവിദ്യ.അത് ആദ്ധ്യാത്മികമായ അഭ്യുന്നതക്കെന്നപോലെ ശാരീരികമായ ആരോഗ്യത്തിന്റെ പരിരക്ഷണത്തിനും അത്യധികം ഉപകരിക്കുന്നു.

ഹ്രസ്വദൃഷ്ടി മാറുന്നതിനും ബുദ്ധിസ്ഥിരതവർദ്ധിക്കുന്നതിനും അത്യുത്തമമായ ക്രിയയാണിത് . ത്രാടകം പരിശീലിക്കുന്നത് ആത്മാനസികാസ്വാസ്ഥ്യങ്ങൾ ഇല്ലാതാക്കുന്നു.സ്ഥിരമായി യോഗ ചെയ്യുന്നതുവഴി ബ്ലഡ് പ്രഷർ സാധാരണഗതിയിലാക്കുക, മനസംഘർഷം കുറയ്ക്കുക്കാനും, ശരീരഭാരവും കൊളസ്ട്രോളും കുറയ്ക്കാനും കഴിയും.

പല യോഗസനങ്ങളും ശ്വാസം അല്പ്പസമയം ഉള്ളിൽ പിടിച്ച് നിർത്തുന്നവയാണ് . ഇത് ഹൃദയത്തേയും, ധമനികളെയും മികച്ച രീതിയിൽ പ്രവർത്തിക്കാൻ സഹായിക്കും.രക്തയോട്ടം കൂട്ടി ധമനികളിൽ രക്തം കട്ടപിടിക്കുന്നത് തടയാനും, ഹൃദയാരോഗ്യം നിലനിർത്താനും സഹായിക്കും.

ആഴത്തിലും, പതുക്കെയുമുള്ള ശ്വസന വിദ്യകൾ, ശ്വാസകോശത്തിന് ആരോഗ്യം നൽകുന്നതിനൊപ്പം ഉദരത്തെയും ബലപ്പെടുത്തും.ആഴത്തിലുള്ള ശ്വസനം റിലാക്സേഷനെ ഉത്തേജിപ്പിച്ച് ശാരീരികവും മാനസികവുമായ സംഘർഷങ്ങളിൽ നിന്ന് മോചനം നൽകും.

പ്രായമാകുന്തോറും ശരീരത്തിന്റെ ബാലൻസിങ്ങ് നഷ്ടപ്പെടും.വ്യായാമമില്ലാത്ത ജീവിതമാണ് പ്രധാനമായും ഇതിന് കാരണമാകുന്നത്.ഇത് ക്രമേണ വീഴ്ച്ചയ്ക്കും,അസ്ഥികൾ പൊട്ടുന്നതിനുമൊക്കെ ഇടയാക്കും. യോഗ തലച്ചോറിനെയും ഉദ്ദീപ്പിക്കുന്നതിനാൽ ശരീര ചലനങ്ങൾക്കനുസരിച്ച് തലച്ചോറും വേഗത്തിൽ പ്രവർത്തിച്ച് അപകടങ്ങൾ തടയും. ഗർഭകാലത്ത് യോഗ ചെയ്യുന്നത് വളരെ നല്ലതാണ്. ഗർഭകാലത്ത് സ്ഥിരമായി യോഗ ചെയ്യുന്നത് വഴി ശരീരത്തെ ബലപ്പെടുത്താം. ഗർഭകാലത്തുണ്ടാകുന്ന ഉറക്കകുറവ്, പുറംവേദന ദഹനസംബന്ധമായ പ്രശ്നങ്ങൾ, മസിൽപിടിത്തം എന്നിവ മാറാൻ യോഗ സഹായിക്കും.



# സംഗീതം



ഈശ്വരൻ മനുഷ്യന് കനിഞ്ഞുനൽകിയ ഏറ്റവും ഉദാത്തമായവരമാണ് സംഗീതം.ഒരു മികച്ച ഗായകന്റെ കണ്ഠത്തിൽ നിന്നോ ഒരു വാദ്യകലാകാരന്റെ വിരലുകളിൽ നിന്നോ നിർഗ്ഗളിക്കുന്ന ശ്രുതി ശുദ്ധമായ സംഗീതത്തിൽ നിന്നും നമുക്കു പകർന്നുകിട്ടുന്ന ആനന്ദം അളവില്ലാത്തതായിരിക്കും. സംഗീതത്തിലൂടെ ശാന്തിയും സ്നേഹവും, സാഹോദര്യവും എന്തെന്ന് നാം തിരിച്ചറിയുന്നു.

ഏത് പ്രതികൂല സാഹചര്യങ്ങളിലും മനുഷ്യമനസ്സിനെ സ്വാന്ത്വനിപ്പിക്കാനും സ്വസ്ഥമാക്കുവാനും സന്തോഷിപ്പിക്കാനും സംഗീതത്തിനു കഴിയുന്നു. അമ്മയുടെ താരാട്ടിന്റെ ഈണം കുഞ്ഞിനെ ശാന്തമായി ഉറങ്ങാൻ സഹായിക്കുന്നു. മ്യൂസിക് തെറാപ്പി എന്ന ചികിത്സാരീതി രോഗശമനത്തിന് വളരെയധികം പ്രയോജനം ചെയ്യുന്നു എന്ന കാര്യം വൈദ്യശാസ്ത്രം അംഗീകരിച്ചു കഴിഞ്ഞു. ചിട്ടയായ സംഗീത പഠനം നമ്മിൽ ഓർമ്മ ശക്തി, കല്പനാശക്തി എന്നിവ വളർത്തുന്നു.



# ദേവതയുംകുട്ടിയും

പണ്ട് പണ്ട് ജപ്പാനിൽ വളരെ സമ്പന്നമായ ഒരു ഗ്രാമംഉണ്ടായിരുന്നു. ഗ്രാമത്തിലെ ജനങ്ങളെല്ലാം ആഡംബരത്തിൻെറയും ഐശ്വര്യത്തിൻെറതുമായ ഒരു ജീവിതം ആസ്വദിച്ചിരുന്നു. ഗ്രാമത്തിൻെറ മുഖ്യ തൊഴിൽ കൃഷിയായായിരുന്നു.കർഷകർക്ക് ആഗ്രഹിക്കുന്നതെല്ലാം അവരുടെ വയലേലകളിൽ നിന്നും ലഭിക്കുമായിരുന്നു.ഗ്രാമത്തിലെ ജനങ്ങൾക്കെല്ലാം കൊയ്ത്ത് വളരെ സംതൃപതികരമായിരുന്നു. വിളവെടുപ്പിൻെറ പേരിൽ ഉത്സവങ്ങൾപോലും കൊണ്ടാടിയിരുന്നു.



ഗ്രാമത്തിൽ ഒരു ദേവീക്ഷേത്രം ഉണ്ടായിരുന്നു . ആ ക്ഷേത്രത്തിലെ ദേവിയാണ് ഗ്രാമത്തിലെ എല്ലാ നേട്ടങ്ങളും ജനങ്ങളുടെമേൽ ചൊരിഞ്ഞ് നൽകിയതെന്ന് വിശ്വസിക്കപ്പെട്ടിരുന്നു. അതിനാൽ എല്ലാ വെള്ളിയാഴ്ചകളിലും ദേവിക്കുള്ള വഴിപാടുകളുമായി ജനങ്ങൾ ക്ഷേത്രത്തിൽ പോകുമായിരുന്നു. ദേവിയുടെ വിഗ്രഹം വളരെ ആകർഷണീയമായ ഒന്നായിരുന്നു. അതിന് പുഞ്ചരിക്കുന്ന മുഖമാണ് ഉണ്ടായിരുന്നത്. ഇരിക്കുന്നരീതിയിലുള്ള അംഗവിന്യാസത്തോടുകൂടിയ ഒട്ടുമുക്കാലുമുള്ള മറ്റ് വിഗ്രഹങ്ങളെപ്പോലെയായിരുന്നില്ല ഇത്. പകരം, ഈ വിഗ്രഹം എല്ലായ്പ്പോഴും ഭക്തന്മാരെനോക്കി ചിരിച്ചുകൊണ്ട് നിൽക്കുകയായിരുന്നു.

ഗ്രാമത്തിലാരും തന്നെ ക്ഷാമമെന്തെന്നോ വരൾച്ചഎന്തെന്നോ അറിഞ്ഞിരുന്നില്ല. കാരണം അവർ അവരുടെ ഗ്രാമത്തെക്കുറിച്ച് അറിയുന്ന കാലം തൊട്ടേ, ചുഴലിക്കാറ്റ്, ഭൂകമ്പം, അഗ്നിപർവ്വതം, ജലപ്രളയം, അത്യധികമായ വർഷപാതം തുടങ്ങിയ സ്വാഭാവിക അത്യാഹിതങ്ങളൊന്നും അനുഭവിച്ചിട്ട് ഉണ്ടായിരുന്നില്ല. പ്രകൃത്യായുള്ള എല്ലാ അരാജകത്വങ്ങളിൽനിന്നും ദേവീ തങ്ങളെ എല്ലായ്പ്പോഴും കാത്തുപോരുന്നുണ്ടെന്ന് അവർ വിശ്വസിച്ചു.

അപ്രതീക്ഷിതമായി ഒരിക്കൽ സാധാരണ സമയത്ത് ആ ഗ്രാമത്തിൽ മഴ വന്നുചേർന്നില്ല. പൊള്ളുന്ന വെയിലിൽ വിളവുകൾ വാടിക്കൊഴിയാൻ തുടങ്ങി. അന്തരീക്ഷം ഊർപ്പപൂരിതമാകുകയും ചെയ്തു. അത്യധികമായ താപം കാരണം ജനങ്ങൾ ഒന്നൊന്നായി ചത്തൊടുങ്ങുവാൻ തുടങ്ങി. ഗ്രാമജീവിതത്തിൽ ആദ്യമായി, കഠിനമായ ഒരു വരൾച്ച ഉണ്ടാകുകയും അതൊടൊപ്പം ക്ഷാമം വന്നുചേരുകയും ചെയ്തു.

ജനങ്ങൾ ക്ഷേത്രത്തിന് മുന്നിൽ തടിച്ചുകൂടി അവരുടെ കുലദേവതയെ കളിയാക്കാനും ചീത്തപറയുവാനും തുടങ്ങി. ഗ്രാമത്തെ കുറെശ്ശെകുറെശ്ശെ യായി നശിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വത്തിനു അവരെല്ലാവരും ദേവിയെ കുറ്റപ്പെടുത്തി. ഒടുവിൽ, അവർക്ക് കൂടുതൽ താങ്ങുവാനായില്ല. അവർ വിഗ്രഹത്തെ അതിൻെറ പീഠത്തിൽനിന്നും എടുത്തുമാറ്റി, അതിനെ ഒരു പുൽമൈതാനത്തേയ്ക്ക് വലിച്ചെറിഞ്ഞു.

ഗ്രാമത്തിലെ ഒരു കുട്ടി തറയിൽ പൊടിയും അഴുക്കും പുരണ്ട് ഒരു വിഗ്രഹം കിടക്കുന്നത് കണ്ടു.അവനു ആ വിഗ്രഹം കണ്ടപ്പോൾ സങ്കടം തോന്നി. അതുകൊണ്ട് അവൻ അതിനെ എടുത്തൊരു മരച്ചുവട്ടിൽ വച്ചു. അവൻ വിഗ്രഹത്തെ വൃത്തിയാക്കി.അങ്ങനെ അത് സൂര്യപ്രകാശത്തിൽ സ്ഫടികം പോലെ തിളങ്ങി.കുട്ടി ആ വിഗ്രഹത്തിലേക്ക് തുറിച്ച് നോക്കി.അത് വളരെ ഉല്ലാസകരമായി അവനെ നോക്കി ചിരിച്ചു. അഗാധമായ ഭക്തിയിലും ആദരവിലും കൈകൾക്കൂപ്പി അവൻ അവൻറ വന്ദനം അറിയിച്ചു.

പെട്ടെന്ന് എവിടെ നിന്നോ മഴമേഘങ്ങൾ വന്ന് ആകാശത്തിൽ പരന്നു. ജനങ്ങൾ തലയുയർത്തി ആകാശത്തിലേയ്ക്ക് നോക്കിക്കൊണ്ട് നിൽക്കുമ്പോൾ, വളരെ സാവധാനം മഴ പെയ്യുവാൻ തുടങ്ങി. ക്രമേണ, അത് വലിയ ഒരു വർഷപാതമായി മാറി. മഴയിൽ നനഞ്ഞുകുതിർന്നുകൊണ്ട് ജനങ്ങൾ ഉന്മാദത്തോടെ ആഹ്ലാദിച്ചു മാത്രമല്ല. വളരെക്കാലത്തിനുശേഷമാണ് മഴ ലഭിച്ചത് എന്നതു കൊണ്ട് അവർ ആനന്ദനൃത്തം ചെയ്തു. ഒരു സ്വാഭാവിക ക്രമരാഹിത്യം ഉണ്ടാകുകയാണെങ്കിൽ ജനങ്ങൾ കഷ്ടപ്പാടുകളെ അനുഭവിക്കേണ്ടത് എങ്ങനെയെന്ന് ദേവി അവരെ പഠിപ്പിക്കുകയായിരുന്നു എന്ന് ജനങ്ങൾക്ക് മനസ്സിലായി.ഒടുവിൽ ദേവിയെ പ്രസാദിപ്പിക്കാൻ ആ ബാലന് കഴിഞ്ഞതുകൊണ്ട് എല്ലാ പ്രശ്നങ്ങളും നീക്കം ചെയ്യപ്പെട്ടു.

******

# എന്റെ കേരളം



പാട്ടും പുഴകളും തോട്ടും മോടി
കൂട്ടും മലരണിക്കാട്ടും
നീളേകളകളംപാട്ടും കാട്ടു
ചോലെയുമാവണിമേട്ടും
വെള്ളയരിഞ്ഞാണപ്പോലെ ചുറ്റും
തുള്ളിക്കളിക്കും കടലും
കായലും നീലമലയുംനീളെ-
ക്കോരിത്തരിക്കും വയലും .
ഓലകൈനിന്നാട്ടും കൊച്ചു
കേരമരതകത്തോപ്പും.



# ഇതാണ് നമ്മുടെ കേരളം

കർക്കിടകം മുഴുവൻ നനഞ്ഞു കുതിർത്ത് നാടിനു സർവ്വ -സൗഭാഗ്യവും നൽകി അനുഗ്രഹിക്കുന്ന മഴ കേരളത്തിന്റെ മുഖശ്രീയായിരുന്നു. ഇത്തവണ മഴ നേരത്തെ എത്തിയപ്പോൾ എങ്ങും ആഹ്ലാദമായി.ആ ആഹ്ലാദം പിന്നീട് ആശങ്കയായി മാറി. അതിശക്തമായ മഴയോടൊപ്പം അണക്കെട്ടുകൾ തുറന്നുവിട്ടതും പ്രളയത്തിനു കാരണമായി. ആഘോഷത്തിമിർപ്പിൽ മുങ്ങേണ്ടിയിരുന്ന ഈ ഓണക്കാലം അനേകം ജീവനും ജീവിതവും കവർന്നെടുത്തുകൊണ്ടാണ് കടന്നുപോയത്. തുറന്നുവിട്ട അണക്കെട്ടുകളിലും നിറഞ്ഞു കവിഞ്ഞ തോടുകളിലും പുഴകളിലും ഒഴുകി പോയത് ഒരു ജനതയുടെ ജീവിതവും സ്വപ്നവുമായിരുന്നു.ഇപ്പോൾ നാം അതിജീവനത്തിന്റെ ചരിത്രമെഴുതുകയാണ്. ആദ്യം ചങ്കിടിച്ചെങ്കിലും പിന്നീട് ചങ്കുറപ്പോടെ നാം പ്രളയത്തെ നേരിട്ടു.



കേരളം അനുഭവിച്ച ഈ പ്രളയ ദിവസങ്ങൾ കാലം എന്നുമോർമയിൽ സൂക്ഷിക്കും. മഹാനഷ്ടങ്ങളുടെ പേരിൽ മാത്രമല്ല. രക്ഷയ്ക്കായി ഉയർന്ന ആയിരമായിരം കരങ്ങളുടെ പേരിലും പ്രളയജലം,

ലക്ഷക്കണക്കിനു പേരെ നഷ്ടങ്ങളുടെ ആഴത്തിലേക്കു താഴ്ത്തുമ്പോൾ, സ്നേഹ സാഹോദര്യങ്ങൾ ഒരുമിപ്പിച്ച അതിലുമെത്രയോ പേർ അവരെ ജീവിതത്തിലേക്ക് ഉയർത്താനുമുണ്ടായി. കേരളത്തിലുള്ളവർക്കും മറുനാടൻ മലയാളികളും ഇതര സംസ്ഥാനക്കാരും വിദേശികളുമെല്ലാം കൈകോർക്കുമ്പോൾ കരുതലും കരുണയും കൊണ്ടു മാത്രം ഒരു സ്നേഹലോകം നിർമ്മിക്കപ്പെടുകയാണ്. പ്രളയകേരളത്തെ കൈപിടിച്ചുയർത്താൻവേണ്ടി ബഹുമുഖതലങ്ങളിൽ ഉണ്ടാവുന്ന മാതൃകാപരമായ ശ്രമങ്ങൾ മാനുഷികതയെക്കുറിച്ചും നന്മയെക്കുറിച്ചുമുള്ള സംഘഗാനമായിക്കൂടി നാം കേൾക്കുന്നു. പ്രളയജലത്തിലാണ്ട സഹജീവികളുടെ ജീവരക്ഷയ്ക്കായി സ്വജീവൻ വെടിയേണ്ടി വന്ന രക്ഷാപ്രവർത്തകരെ കേരളം എക്കാലവും ആദരവോടെ ഓർമിക്കുകയും ചെയ്യും.

കടലിന്റെ മക്കൾ കരയിലെ രക്ഷകരായി വന്നില്ലായിരുന്നെങ്കിൽ ദുരന്തത്തിന്റെ മുഖം മാറിയേനെ. നമ്മുടെ തീരദേശങ്ങളിലുള്ള നൂറുകണക്കിന് മത്സ്യത്തൊഴിലാളികളാണ്. ലോറികളിൽ വള്ളം കയറ്റിവന്നും മറ്റും ദൗത്യത്തിൽ സജീവപങ്കാളികളായത്. രക്ഷയുടെ കരങ്ങൾ ഏതുവഴി വരുമെന്നറിയാതെ മരണത്തെ മുഖാമുഖം കണ്ടുകഴിഞ്ഞവരുടെ കൺമുന്നിലേക്കും തലമുറകളുടെ അനുഭവസമ്പത്തുമായി അവരെത്തി. ഓരോപ്രദേശത്തുനിന്നും നൂറുകണക്കിനുപേരെ രക്ഷിച്ച തീരങ്ങളിലേക്കു തൃപ്തിയോടെ തിരിച്ചുപോവുമ്പോൾ കൂപ്പുകൈകളും നന്ദിവാക്കുകളും അവർക്കൊപ്പമുണ്ടാവുകയും ചെയ്തു.

മറക്കില്ല, മറക്കാനാവില്ല കേരളത്തിന് ഇതൊന്നും പ്രളത്തിൽ നിന്ന് നാടിന് ഉയർന്നുപൊങ്ങാൻ നീണ്ട സഹായഹസ്തങ്ങളിലെ മാനവികതയുടെ മഹനീയത നമുക്ക് എന്നേക്കും എടുത്തുവയ്ക്കാനുള്ളതാണ്. ഒരു തരത്തിലുമുള്ള, വേർതിരിവില്ലാതെ,

ഒരുമയോടെ കേരളം ഒരേലക്ഷ്യത്തിനു വേണ്ടി കൈകോർത്തുനിൽക്കുന്ന അനുപമായ കാഴ്ചയാണിത്. ലോകത്തിനുമുന്നിൽ, ഭാവികേരളത്തിനു

മുന്നിലും നാം വയ്ക്കുന്ന മാതൃക.

നാം ഒരേ സ്വരത്തിൽ ഉറക്കെ വിളംബരം ചെയ്യുന്നു. ഇതാണു കേരളം.

.................................●

# കടലോളങ്ങളിലെ കടലാസുതോണി



ഇത് ഒരു ജീവിതകഥ. ജീവിതത്തിലലറിയടിച്ചുവന്ന കടലോളങ്ങളിൽ പെട്ട കടലാസുതോണിയുടെ കഥ. ഒരു സംഭവകഥ.

ഏറെ ക്ലേശങ്ങൾ നിറഞ്ഞ ജീവിതത്തിൽ നിന്നും കരകയറാനായി രാമനാഥനും കുടുംബവും അവരുടെ കൂട്ടുവിട്ട് കേരളത്തിലെ നഗരത്തിൽ വന്നു ചേക്കേറി. അങ്ങനെ തത്രപാടുകളനുഭവിച്ച് അവർ വർഷങ്ങൾക്കുശേഷം ഉയർന്നു വന്നു. സാമ്പത്തിക നിലയിൽ അവർ മെച്ചപ്പെട്ടു. അങ്ങനെ പതിയെ അവർ മനസ്സിലാക്കി തങ്ങളുടെ ഗ്രാമത്തിൽ നിന്നും പാടെ മാറിയ ജീവിതാവസ്ഥയിൽ ആണിതെന്ന് അവർക്കനുഭവപ്പെട്ടു. നാലുചുമരുകൾക്കുള്ളിൽ തളച്ചിട്ട ആ ജീവിതത്തിൽ പരസ്പരബന്ധങ്ങളുടെയും സാഹോദര്യത്തിന്റെയും കണ്ണി അറ്റുപോകുന്നതായി അവർക്കു തോന്നി. അങ്ങനെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന അവരുടെ ജീവിതത്തിൽ നിനച്ചിരിക്കാതെ ഒരു കുറ്റൻ തിരമാല അലറിയടുത്തു. അതിൽപ്പെട്ട് ഉഴലുന്ന വെറും കടലാസുതോണികളായി മാറി അവർ. അതെ അവൾ വന്നു പ്രളയം. പ്രളയം വിതച്ചത് കൊടിയ ദുരന്തമായിരുന്നു. പുഴയ്ക്ക് മനുഷ്യൻ

നൽകിയത് പുഴ മനുഷ്യന് തിരികെ നൽകി. കളിച്ച കളിച്ച് മനുഷ്യൻ പുഴയോടു കളിച്ചപ്പോൾ അവർ ഇങ്ങനെ പ്രതികരിച്ചു. ശരിയാണ് സഹിക്കുന്നതിനും ഒരു പരിധിയുണ്ടല്ലോ. അതെ കൃത്യമായി പറഞ്ഞാൽ ആഗസ്റ്റ് മാസം 11-ാം തീയതി അന്നുമുതലാണ് അവരുടെ ജീവിതത്തിലെ ദുരന്തകഥയുടെ ആരംഭം. പിന്നീടങ്ങോട്ട് ദുരന്തകഥകളുടെ പ്രവാഹം. ഏറ്റവും സമ്പന്നരായ അവർ സമൂഹത്തിൽ നിലയും വിലയും ഉള്ള അവർ തെരുവിലേക്കിറങ്ങപെട്ടു. ഉടുതുണി മാത്രം സ്വന്തം സമ്പാദ്യമായി അവർക്കുണ്ടായിരുന്നുള്ളൂ. അങ്ങനെ ദുരിതാശ്വാസ ക്ലാമ്പുകളിൽ അവർ അഭയാർഥികളായി ചേക്കേറി. ഭക്ഷണത്തിന് പഞ്ഞമില്ലായിരുന്ന അവരുടെ ജീവിതത്തിൽ ആ അവസ്ഥയിൽ ഒരു കഷ്ണം റൊട്ടി കിട്ടാൻ അവർ അലറി വിളിച്ചു. രാമനാഥനും കുടുംബവും ആകെ തകർന്നുപോയി. ഈ കാലങ്ങൾ അവരെ ഒരു പാഠം പഠിപ്പിച്ചു. ഈ ലോകത്ത് ജാതിയും മതവും ദേശവും വർഗവുമില്ലായെന്നും എല്ലാവരും സമത്വരാണെന്നുമുള്ള പാഠം. ഹാ! അതെന്തൊരൊത്തൊരുമയുടെ നാളായിരുന്നു. പാവപ്പെട്ടവനോ പണക്കാരനോ എന്നില്ലാതെ അവർ സഹവർത്തിത്വത്തിൽ ജീവിച്ചു. ഒരു നിമിഷം ഞാനോർത്തുപോയി അവിടെ ഞാനും എത്തിയിരുന്നെങ്കിലെന്ന് അങ്ങനെ മന്ദമാരുതൻ ഇളംകാറ്റായി മാറി പതിയെ എല്ലാ ദുരന്തങ്ങൾക്കും ശമനമുണ്ടായി. പതിയെ പതിയെ അവർ വീണ്ടും തങ്ങളുടെ ജീവിതാവസ്ഥയിലേക്ക് തിരികെ വന്നു. നഷ്ടപ്പെട്ടതെല്ലാം തിരികെ പിടിച്ചു. ശേഷം വലിയ അതിജീവനത്തിന്റെ നാളുകൾ.....

ഒരൊറ്റ ദുരന്തത്തോടുകൂടി നാലുചുമരുകളിൽ മാത്രം ഒതുങ്ങി പോയ അവരുടെ ജീവിതത്തിൽ നിന്നും വ്യത്യസ്തമായി സാഹോദര്യത്തിന്റെ സഹവർത്തിത്വത്തിന്റെയും പരസ്പര സ്നേഹത്തിൽ തെളിമ അവർ അനുഭവിച്ചു.

ജീവിത വഴിത്താരയിൽ ഒറ്റപ്പെട്ടുപോയ അവരുടെ ജീവിതത്തിൽ ആശ്വാസത്തിന്റെയും സ്നേഹത്തിന്റെയും തീനാളങ്ങൾ ഉയർന്നു. അവർ ആ ദുരന്തത്തെ ഒന്നിച്ച നിന്ന് അതിജീവിച്ചു.

ഒന്നിൽ എനിക്ക് സന്തോഷമുണ്ട്. ഈ അതിജീവനത്തിന്റെ കഥ അഭിമാനപൂർവ്വം ഒട്ടും ശങ്കയില്ലാതെ എനിക്കു പറയാം ഒരു കേരളീയ ആയതിൽ ഞാൻ അഭിമാനിക്കുന്നു. ദുരന്തകഥകളുടെ നൊമ്പരങ്ങൾ പേറുന്ന മലയാള മണ്ണിൽ കണ്ണീർപൂവുകൾ പുഷ്പാഞ്ജലിയായി അർപ്പിച്ചു നാം ഒന്നിച്ചു കൈകോർത്തപ്പോൾ, അതിജീവിച്ചപ്പോൾ മരതക മുത്തുകൾ നിറഞ്ഞ ഒരു പൂവാടിയായി ഈ നാട്. കടലോളങ്ങളിൽപ്പെട്ട കടലാസുതോണികൾ അതിനെ അതിജീവിച്ചു. അതെന്തൊരുയർച്ചയായിരുന്നു. വെറും പാഴ്നിലത്തിൽ നിന്ന് ആകാശനീലിമയുടെ അഗാധതയിലേക്ക്......

# മാതൃഭാഷ

ആളുവളരാനും മാതൃഭാഷ വേണം
നാടുവളരാനും മാതൃഭാഷ വേണം
നേരറിയാനും നല്ലോണം ചൊല്ലാനും
നേരാകുമീ മാതൃഭാഷ വേണം.

മാതൃഭാഷാപഠനം വളർച്ചയാണ്
അജ്ഞത തന്നുടേ ഉയർച്ചയാണ്
മാതൃഭാഷാപഠിക്കായ്മ വിളർച്ചയാണ്
സന്തുഷ്ട ജീവിതത്തിന്റെ തളർച്ചയാണ്.



അന്യഭാഷകളും പരിഭാഷയനും
നൽമാതൃഭാഷതൻ കവർച്ചയാണ്
ഞാനെന്നും വണങ്ങും
പെറ്റമ്മയാണീ
മലയാളമെന്നുള്ളെൻ മാതൃഭാഷ.

# ജീവന്റെ കാതൽ



നിന്റെ ആ വാക്കിൽ എന്നെ
ഞാൻ മറന്നു
നിന്റെ ആ നോക്കിൽ
ഞാനാരെന്ന് മറന്നു
നീ എന്നിൽ അന്നാദ്യം വന്നുനിന്നു
നിൻ മിഴിയിൽ ഞാൻ എന്നെ കണ്ടു
നീ ഓരോ വാക്കും മൊഴിയുമ്പോൾ
ഞാനാരെന്ന് ഞാൻ മറന്നു
ഞാൻ എന്തെന്ന് ഞാൻ മറന്നു
നീ എന്നും എന്നെന്നും എന്നിൽ നിറയൂ
നിന്റെ ഓരോ വാക്കും എന്നിൽ നിറയട്ടെ
നീയാരോ ആരോ ആരാരോ
നീ എന്നിൽ നിറയും സ്വപ്നമാണോ.

•

# യാത്രാമൊഴി

വിരലിലെണ്ണാവുന്ന ദിവസങ്ങൾ മാത്രം ബാക്കിനിൽക്കേ ഈ വിദ്യാലയത്തിലെ മനോഹരമായ ഓർമ്മകൾ എന്നുള്ളിൽ അലയടിക്കുന്നു. അച്ഛൻെറയും അമ്മയുടെയും കൈപിടിച്ച് പുത്തനുടുപ്പിട്ടു കൊണ്ട് മഴത്തുള്ളികൾ തൊട്ടു കളിച്ച് ചെളിയും തെറിപ്പിച്ച്.....

ഈ വിദ്യാലയത്തിൽ ആദ്യമായി വന്ന ദിവസം ഇന്നും ഒരു നനുത്ത ചിത്രം പോലെ മനതാരിൽ ദൃശ്യമാകുന്നു. സ്കൂളിൽ പോകാൻ മടിച്ച് കള്ളംപറഞ്ഞു വീട്ടിലിരിക്കാൻ ശ്രമിച്ചതും ആ ശ്രമം പാഴായി പോയതും പിന്നെപ്പിന്നെ വീട്ടിലിരിക്കാൻ മടിയായി വന്നതും പുത്തൻ കൂട്ടുകാരെ കിട്ടിയതും ടീച്ചറുടെ മിടുക്കി കുട്ടിയായി മാറിയതും ഒരു നേർത്ത പുഞ്ചിരിയോടെ ഞാൻ ഓർക്കുന്നു.

കൂട്ടുകാരുമായി വഴക്കുണ്ടാക്കി വലിയ ഗർവ്വോടെ ക്ലാസ്സിൽ ഇരുന്നെങ്കിലും വീട്ടിൽ ചെന്ന് ആരും കാണാം കാണാതെകരഞ്ഞതും അമ്മ അത് കണ്ടുപിടിച്ചതും എല്ലാം മധുരമായ ഓർമ്മകളാണ്. ഇന്ന് ഈ സ്കൂളിലെ അവസാനദിവസങ്ങളിൽ വിദ്യാർത്ഥികളെ സ്വന്തം മക്കളെ പോലെ സ്നേഹിക്കുന്ന ഈ സ്കൂളിലെ എൻെറ ടീച്ചർമാരെ പിരിയണമല്ലോ എന്നുള്ള ചിന്ത എൻെറ മനസ്സിനെ ദുഃഖത്തിലാഴ്ത്തുന്നു. ഹൃദയത്തിൻെറ തേങ്ങലിൽ എനിക്ക് സാന്ത്വനമായി എന്നോടൊപ്പം നിന്ന എൻെറ കൂട്ടുകാർ..... ഇവരെയെല്ലാം പിരിയാൻ സാധിക്കുമോ എന്നറിയില്ല. പക്ഷേ അതെ നിവൃത്തിയുള്ളൂ....

എന്തൊക്കെയായാലും എനിക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും ഞാൻ സെൻറ് ജോസഫ് സ്കൂൾ സ്കൂളിലെ വിദ്യാർത്ഥിനി ആയിരുന്നുവെന്ന്....

.................................... ●

# മഴ

രാത്രിവീണയുമായി

ഏകാകിയാം
യാത്രികൻ വന്നു വീണ്ടുമീ
കർക്കിടകം
എത്രയെത്രയോ  കാലമായെങ്കിലും
അല്പനാൾ മുൻപിൽ എന്നപോൽ ജനലിൽ
ഒറ്റമിന്നൽ വീണ്ടുപഴയ ഞാൻ
ഇടക്കെങ്കിലും പ്രകൃതിയുടെ
മാറ്റങ്ങൾ നമ്മുടെ മറവികളെ
തിരിച്ചുവിളിക്കാറില്ലേ?
ഓർമകളായി അവ
ഓടിയെത്താറില്ലേ?
ഓർമ്മകളും വിരഹവും
കാത്തിരുപ്പുമെല്ലാം...





# സുന്ദരകേരളം

കേരളം പിറന്നിട്ട് ഇന്നേയ്ക്ക് 62 വർഷങ്ങളായി. പഴശ്ശുരാമൻ മഴ എറിഞ്ഞുണ്ടായതാണ് കേരളം എന്ന പുണ്യവും സുന്ദരവുമായ ഈ പറുദീസ. നമ്മുടെ മലയാളഭാഷ ഒരു ശ്രേഷ്ഠഭാഷയാണ്. നമ്മുടെ കേരളം മലകളാലും പുഴകളാലും, വൃക്ഷലതാദികളാലും ഗ്രാമങ്ങളാലും നിറഞ്ഞുനിൽക്കുന്നതാണ്. കേരളം എന്ന് കേൾക്കുമ്പോൾ ആദ്യം മനസ്സിലേയ്ക്ക് ഓടിവരുന്നത് വയലുകളലും, അവിടെ പണിയെടുക്കുന്ന കൃഷിക്കാരും, ഞാറു നടുന്ന പെണ്ണുങ്ങളും പ്രഭാതത്തിലെ സൂര്യൻെറ ഇളം വെയിൽ ഇലകൾക്കിടയിലൂയടെ അരിച്ചിറങ്ങുന്നതും, കിളികളുടെ മധുരമാർന്ന ശബ്ദവും, നറുമണമാർന്ന പൂക്കളും, കളകളാരവത്തിൽ ഒഴുക്കുന്ന പുഴകളും ഒക്കെയാണ്. ഇവയെല്ലാം ചേർന്ന് നമ്മുടെ കൊച്ചുകേരളം സുന്ദരമാകുന്നു.



# മയിൽ

മയിലെ.....മയിലെ....പൂമയിലെ
പിലപിവിടർത്തി.....ആടാമോ
കാർമേഘങ്ങൾ വന്നണയുമ്പോൾ
പീലിവിടർത്തി ആടരാമോ
മയിലാട്ടങ്ങൾ കാണാനായി
വന്നണയുന്നു എല്ലാവരും.....
മയിലേ.....മയിലേ.....പൂമയിലേ





# ജലം

ജലം ഈ രണ്ട് അക്ഷരങ്ങളിൽ ഒതുക്കാൻ കഴിയില്ല അത്. മനുഷ്യന്റെ ജീവിതത്തിലെ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ജലം. ജനനം മുതൽ മരണം വരെ ജലം കൂടെ ഉണ്ടാവുക എന്നതു സത്യമാണ് . ജലത്തിന് ഒരു പങ്ക് ഉണ്ടാവും പക്ഷേ ഈ കാലഘട്ടത്തിൽ ജലം നഗരവാസികൾക്ക് വെള്ളം പാഴാക്കാൻ മടി കാണിക്കില്ല. പക്ഷേ ഒരു ഗ്രാമവാസിക്ക് തങ്ങൾക്ക് കിട്ടുന്ന ജലം ജീവനോളം വലുതാണ്.

ജലം അമൂല്യമാണ്. അത് പാഴാക്കരുത്. പഞ്ചഭൂതങ്ങളിൽ ഏറ്റവും പ്രധാനമായ വെള്ളം മനുഷ്യന്റെ ജീവനോപാധിയാണ്. വെള്ളത്തെ ശരിയായ രീതിയിൽ ഉപയോഗിക്കാൻ മനുഷ്യർക്ക് കഴിഞ്ഞിട്ടില്ല.മനുഷ്യന് ആസ്വദിക്കാനായി മഴ എന്ന പേരിൽ ജലം നമുക്ക് കിട്ടുന്നു.

കവികളുടെ മനസ്സിൽ കവിതയും ,കുട്ടികൾക്ക് ആഹ്ലാദവും ഉളവാക്കുന്ന ഒന്നാണ് മഴ. മലയാളികളുടെ ഒരു വികാരം തന്നെയാണ് മഴ. കേരളം വലിയ ഒരു പ്രളയത്തെ നേരിട്ട കഥ എല്ലാ മലയാളികൾക്കും ഒരു പാഠമാണ് . ചെടികൾക്ക് ഉണർവ്വ് നൽകാൻ ജലം ആവശ്യമാണ്. വെള്ളമില്ലാത്ത ഒരവസ്ഥ മനുഷ്യന് സങ്കല്പ്പിക്കാൻ കഴിയാത്ത ഒന്നാണ്.

# സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ

ലോകത്തെ ചെറുഗ്രാമമാക്കിയും സൗകര്യങ്ങളാൽ സമ്പനമാക്കിയും അതിവേഗം മുന്നോട്ടുകുതിക്കുന്ന സൈബർ യുഗത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്.വിനോദവും വിജ്ഞാനവും വിരൽതുമ്പിൽ ലഭ്യമാക്കിയും ആശയവിനിമയം നൊടിയിടയിൽ സാധ്യമാക്കിയും ശാസ്ത്രസാങ്കേതിക മേഖല പുരോഗതി തന്നെ കൈവരിച്ചിരിക്കുന്നു.ഭൂമിയും ചന്ദ്രനും ചൊവ്വയും കടന്ന് സൂര്യനെയും മറ്റ്



ആകാശഗോളങ്ങളെയും ലക്ഷ്യം വക്കാൻ തക്കവിധം നമ്മുടെ ശാസ്ത്രം അനുദിനം വികസിച്ചുകൊണ്ടിരിക്കുന്നു.എല്ലാ രംഗങ്ങളിലും ഉണ്ടായ

പുരോഗതിയുടെ കൈപിടിച്ച് ഇലക്ട്രോണിക് മാധ്യമ രംഗവും പുത്തൻ സാധ്യതകൽ തേടുകയാണ്.

അച്ചടി മാധ്യമങ്ങളും മീഡിയയും ടെലിവിഷനുമൊക്കെ കടന്ന് ഇന്റർനെറ്റ് യുഗത്തിൽ എത്തിനിൽക്കുന്നു.മാധ്യമരംഗത്ത് ഇന്നത്തെ തരംഗമാണ് സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ .ചാറ്റ് ചെയ്യാനും ആശയങ്ങൾ പങ്കുവയ്ക്കാനും ,വീഡിയോകളും ചിത്രങ്ങളും ഒക്കെ പോസ്റ്റ് ചെയ്യാനും ഷെയർ ചെയ്യാനുമൊക്കെ സഹായിക്കുന്നത് വെബ്സൈറ്റാണ് . ലിംട്ഇൻ ട്വിറ്റർ,വാട്സാപ്പ്, യൂ ട്യൂബ്, ഫേസ് ബുക്ക് തുടങ്ങി സുപരിചിതമായവയും അല്ലാത്തവയുമായി അനേകം സൈറ്റുകൾ സാമൂഹികമോ സാമ്പത്തികമോ ഭൂമിശാസ്ത്രപരമോ അതിരുകളില്ലാതെ ലോകമെമ്പാടുമുള്ള ആളുകൾക്കുള്ളിൽ ആശയവിനിമയം സാധ്യമാക്കുന്നു എന്നതാണ് സോഷ്യൽ മീഡിയയുടെ പ്രത്യേകത.

വ്യക്തിയിലും സമൂഹത്തിലും നിർണ്ണായക സ്വാധീനം ചെലുത്തുന്ന മാധ്യമമായി സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ മാറി കഴിഞ്ഞിരിക്കുന്നു. സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളുടെ ഏറ്റവും വലിയ പ്രത്യേകത അവ നൽകുന്ന സ്വാതന്ത്ര്യമാണ് . മുഖ്യധാരമാധ്യമങ്ങളും പ്രസ്ഥാനങ്ങളുമൊക്കെ പലപ്പോഴും അവഗണിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്ന വാർത്തകളും ജനകീയ പ്രശ്നങ്ങളും ലോകസമക്ഷത്തിൽ കൊണ്ടുവരുകയും അവയ്ക്കെതിരെ പ്രതികരിക്കാൻ ജനങ്ങളെ സജ്ജരാക്കുകയും ചെയ്യുന്നതിൽ ഈ നവമാധ്യമങ്ങൾ പ്രധാനപങ്കുവഹിക്കുന്നു.

അറബ് വസന്തവും മുല്ലപ്പൂ വിപ്ലവവും ഇന്ത്യയിലുണ്ടായ ജനകീയ മുന്നേറ്റങ്ങളുമൊക്കെ സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളുടെ കാർമികത്വത്തിൽ നടന്ന ജനകീയ പോരാട്ടങ്ങളാണ്. നോബൽ സമ്മാന ജേതാവായ മലാല

സമൂഹമാധ്യമങ്ങൾ വഴിയാണ് ജനശ്രദ്ധയിൽ എത്തിയത്. ലോകമെങ്ങും തരംഗമായ ഐസ് ബക്കറ്റ് ചാലഞ്ച് അതിന്റെ ഇന്ത്യൻ പതിപ്പായ റൈസ് ബക്കറ്റ് ചലഞ്ച് , മൈട്രീ ചലഞ്ച് ലഹരിക്കെതിരെയുള്ള അഡിക്ടഡ് ടു ലൈഫ് തുടങ്ങിയവ സമൂഹമാധ്യമങ്ങൾ ഏറ്റെടുത്ത് വിജയിപ്പിച്ച സമൂഹ നന്മ ലക്ഷ്യമാക്കിയുള്ള പ്രോഗ്രാമുകളാണ്. സമാന ചിന്താഗതിക്കാരുടെ ഗ്രൂപ്പുമായി ആശയങ്ങൾ പങ്കുവയ്ക്കാൻ, ഡോക്ടർമാർ, എഞ്ചിനീയർമാർ, അഡ്വക്കേറ്റുമാർ, ശാസ്ത്രജ്ഞർ തുടങ്ങിയ പ്രഫഷണലുകൾ അവരുടെ അനുഭവവും അറിവും ഷെയർചെയ്യാൻ, വിദ്യാർത്ഥികൾക്ക് സംശയനിവാരണത്തിന് യുവാക്കളെക്ക് തൊഴിൽ അന്വേഷണത്തിനും സൗഹൃദങ്ങൾ നിലനിർത്താനും, അകലെയുള്ള കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം നിലനിർത്താൻ, പ്രാദേശിക സംഭവങ്ങൾ ആഗോള ശ്രദ്ധയ്ക്കെത്തിക്കാൻ സാഹിത്യ സൃഷ്ടികൾ പോസ്റ്റ് ചെയ്യാൻ ഓൺലൈൻ വ്യാപാരത്തിന് ഇങ്ങനെ അനന്തസാധ്യതകളാണ് ഈ നവമാധ്യമങ്ങൾ നമുക്ക് തുറന്ന് തരുന്നത്.

•

# നന്ദി ചൊല്ലുന്ന ഞാൻ

പലയിടങ്ങളിൽ നിന്നു വന്നു
പല മുഖങ്ങളുടെ മുമ്പിൽ
പലവിധ വിചാരങ്ങളുമായി
കടന്നുവന്ന ഓരോ പടികൾ
വേദനകളും സന്തോഷങ്ങളും പങ്കുവച്ച വഴികൾ
സ്വപ്നത്തിൻ സുന്ദര ലോകത്തിലേക്ക് ഉയർന്ന നിമിഷങ്ങൾ
അവസാനം പടിയിറങ്ങുന്നു ഈ കലാലയത്തിൽ നിന്ന്
ഒരായിരം ഓർമ്മകൾ നൽകിയ വിദ്യാലയമേ
നിനക്ക് ഒരായിരം നന്ദി
സ്നേഹിക്കാൻ സ്വപ്നം കാണാൻ പഠിപ്പിച്ച
വിദ്യാലയമേ നിനക്ക് നന്ദി
മടങ്ങും മുൻപ് ഒന്നുകൂടി സൗന്ദര്യം ഞാൻ കാണുന്നു
മടങ്ങുവാൻ വേദനയുണ്ടെങ്കിലും
നീ നൽകിയ മധുരമാം ഓർമ്മകൾ എന്നിൽ നിറയുന്നു
വീണ്ടും ഒരായിരം നന്ദി തൻ പൂക്കൾ
നിൻ മുൻപിൽ ഞാൻ അർപ്പിക്കുന്നു

# മാനിഷാദാ......

കാലം തെറ്റി പെയ്യുന്ന മഴ!നിർത്താതെ പെയുന്ന പെമാരിക്ക് യാതൊരു കുറവും വരുന്നില്ലായിരുന്നു. ഇടിയും മിന്നലും കാരണം പേടിച്ചാണവൾ ഉറങ്ങിയത്. വാർത്തകളിൽ വലിയ പ്രളയത്തിന്റെ ഭീതി പരത്തുന്നു. അമ്മയുടെ മടിയിൽ പേടിച്ചുറങ്ങിയ വൈഗ ഞെട്ടലോടെയാണ് ഉണർന്നത്. എങ്ങും ഒച്ചപ്പാടുകൾ. അമ്മയുടെ മടിയിൽ ഉറങ്ങിയ അവൾ എങ്ങനെയാണ് വീടിന്റെ മുകളിലെത്തിയത് ? പേടിച്ചരണ്ടവൾ അമ്മയുടെ അരികിൽ ഓടിയെത്തി. ഒരു ഞെട്ടലോടെ അല്ലാതെ അവൾക്കത് ഉൾക്കൊള്ളാനാവില്ലായിരുന്നു. താൻ ജീവിക്കുന്ന നാടും വീടും പ്രളയത്തിൽ അകപ്പെട്ടിരിക്കുന്നു. നീണ്ട കരച്ചിലിനും ഒച്ചപ്പാടുകൾക്കുമിടയിൽ ഒരു ഹെലികോപ്റ്ററിൽ എത്തിയവർ അവരെ അവിടെ നിന്നും രക്ഷപ്പെടുത്തി. ഒരു ദുരിതാശ്വാസ ക്യാമ്പിൽ എത്തിച്ചു. അവിടെ ഒരുപാട് പേരുണ്ടായിരുന്നു. പല നാട്ടുകളിൽ നിന്നും പല വിശ്വാസത്തിൽ നിന്നുമുള്ളവർ. എല്ലാവരുമായി അവൾ പെട്ടെന്ന്പരിചയപ്പെട്ടു.പെയ്തു തോരാത്ത മഴയുടെ ശക്തി കൂടും തോറും വൈഗയ്ക്ക് സ്വന്തം വീടിനെക്കുറിച്ചുള്ള പ്രതീക്ഷ മായുകയായിരുന്നു.തന്റെ കുഞ്ഞുടുപ്പുകളും ബുക്കുകളും എല്ലാം തന്നെ നശിച്ചുപോയിരിക്കും എന്ന ചിന്ത അവളെ ഒരുപാട് വേദനിപ്പിച്ചു.

പല നാട്ടിൽ നിന്നുമുള്ള സാധനങ്ങളും ആൾക്കാരും അവർക്ക് സഹായകമായെത്തി. എല്ലാവരുടെയും സ്നേഹത്തിൽ അവൾ ഒരുപാട് ആനന്ദിച്ചു. മാസങ്ങൾ കഴിയവേ വൈഗ അവളുടെ സ്വന്തം വീടിൽ തിരിച്ചെത്തി. ഒരുപാട് വ്യത്യാസങ്ങൾ വന്നതുപോലെ അവൾക്ക് തോന്നി. വീടിന്റെ മുഖച്ഛായ തന്നെ മാറിയിരിക്കുന്നു. കുറേ നാശനഷ്ടങ്ങൾ ഉണ്ടായിരുന്നു. എങ്കിലും അവരുടെ ജീവനും ആപത്ത് വരാതെ രക്ഷിച്ചതിൽ അവൾ ദൈവത്തിന്

നന്ദി പറഞ്ഞു. അങ്ങനെ നാളുകൾക്കു ശേഷം അവൾ തന്റെ വിദ്യാലയത്തിലേക്ക് ചെന്നു. വീണ്ടും പഠിക്കാൻ തുടങ്ങി. പുസ്തകങ്ങളും ബുക്കുകളും എല്ലാം പുതിയതായിരുന്നു. മാസങ്ങൾ കഴിയവേ കേരളപിറവി ദിനത്തിൽ വിവിധ മത്സരങ്ങൾ അരങ്ങേറി. വൈഗയും പങ്കെടുത്തു.

നവകേരള നിർമിതിയായിരുന്നു അവൾക്കു കിട്ടിയ കഥയുടെ വിഷയം . അവൾക്ക് ആ കഥ ഒരിക്കലുംചിന്തിക്കേണ്ടി വന്നില്ല. നിറഞ്ഞ പുഞ്ചിരിയോടെ അവൾ ഓരോ വരികളും എഴുതി. മലകൾക്കു മുകളിൽ തലയെടുപ്പൊടെ നിൽക്കുന്ന ഡാമുകൾ ബലം ഉളവാക്കുക, കാടുകളും വനങ്ങളും സംരക്ഷിച്ച് പ്രകൃതിയെ സംരക്ഷിക്കുക, നദികളെയും മാലിന്യമുക്തമാക്കുക, മണ്ണിനെ സംരക്ഷിക്കുക തുടങ്ങിയ നിരവധി കാര്യങ്ങൾ അവയിൽ അവൾ ചേർത്തു.അത് വെറും അക്ഷരങ്ങളിൽ ഒതുങ്ങുന്നവ അല്ലായിരുന്നു. അനുഭവങ്ങളിൽ നിന്നും ആർജിച്ചെടുത്ത വിശ്വാസത്തോടെ കേരള നിർമ്മിതിക്കായി അവൾ എഴുതുമ്പോൾ അവൾക്കു മുന്നിൽ നിറചിരിയോടെ നിന്നത് അവൾ കണ്ട സ്വപ്നമായിരുന്നു.

ഇവയെല്ലാം വരുത്തിവയ്ക്കുന്ന മനുഷ്യന് പശ്ചാത്തപിക്കുവാൻ പ്രകൃതി നൽകിയ ആ അവസരത്തിനെ വീണ്ടും പ്രകൃതിയ്ക്കെതിരായി തിരിയാതെ ഇരിക്കട്ടെ എന്ന പ്രാർത്ഥനയോടെ അവൾ കുറിച്ചു "മാനിഷാദാ".

•

# നാടിൻെറ രക്ഷ

ഉണരുക ഉണരുക സോദരെ
നാടിൻെറ പുനർനിർമ്മിതിക്കായി
ഒന്നായി പ്രവർത്തിച്ച് മുന്നേറാം
നാടിൻെറ പുനർസൃഷ്ട്ടിക്കായി

പണിതുയർത്തി നമ്മുടെ നാടിനെ
പുതുതലമുറയ്ക്ക് കരുത്തേകാൻ
ഉണരുവിൻ ഭരണക്രൂടങ്ങളെ
നാടിൻെറ സൃഷ്ട്ടിക്കായി
ഒന്നിച്ച് അണിനിരന്നിടാം ഇനിയൊരു
ദുരന്തത്തിന് മുന്നോടിയായി

പുനർ നേടാം നമ്മുടെ ജന്മനാടിനെ
നവയുഗത്തിന് കരുത്തേകാൻ
വരുവിൻ സോദരെ നാടിൻ കാവൽ
ഒത്തുനിന്നിടാം കേരള നാടിൻ രക്ഷക്കായി

# മഹത് വചനങ്ങൾ

കണ്ടാൽ അറിയില്ലെങ്കിൽ പിന്നെ കേട്ടാൽ അറിയുന്നതെങ്ങനെ ?

ശ്രീനാരായണ ഗുരു

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക

മഹാത്മാ ഗാന്ധി

സമയം എല്ലാത്തിനെയും നിയന്ത്രിക്കുന്നു.അത് എല്ലാത്തിനെയും സംഹരിക്കുന്നു.നാം ഉറങ്ങുമ്പോൾ അത് ഉണർന്നിരിക്കുന്നു.നാം അറിയാതെ അത് നമ്മെ പിടികൂടുന്നു.സമയം എന്നത് നിയന്ത്രണ വിധേയമല്ല.

ചാണക്യൻ

അവസാനമെന്നാൽ അതിനർത്ഥം അവസാനിച്ചുവെന്നല്ല. പരിശ്രമം ഒരിക്കലും മരിക്കുന്നില്ല എന്നാണ്.

ഡോ.എ.പി.ജെ.അബ്ദുൾ കലാം

# അരുവിയുടെ ശക്തി



ഒരു മനോഹരമായഗ്രാമം. അതിന്റെ ഉൾതടത്തിൽ ആരെയുംആകർഷിക്കുന്ന പാറക്കെട്ടുകളാൽ ചിന്നിചിതറുന്ന അരുവി . സങ്കടങ്ങളാൽ മനസ്സ് തകർന്നിരിക്കുന്ന ഒരുപാട് മനുഷ്യർ . അതിന്റെ ആകസ്മികമായ മനോഹാരിത കാണാൻ എത്തും. അത് അവരുടെ മനസ്സിന് പുതുജീവൻ നൽകും . ആരും കാണാത്ത ആ മലചെരുവിൻ ചാരത്ത് വീർപ്പുമുട്ടി നിൽക്കുകയാണ് ആ അരുവി .

അങ്ങനെ ഇരിക്കെ ഒരു ദിവസം ഒരാൾ അതിന്റെ മനോഹാരിത കെടുത്താൻ വേണ്ടി ആ അരുവിയുടെ പകുതി മുറിച്ച് മണ്ണിട്ട് കെട്ടിടം പണിയാൻ ആളുകളെ ഏർപ്പെടുത്തി.പാവം അതിന്റെ പകുതി ശരീരം വേർപ്പെട്ടു പോയി, ആ നെഞ്ചിൽ തളച്ചുക്കയറിയ വേദന നമ്മുടെ ഓരോരുത്തരുടെയും അമ്മമാരുടെ നെഞ്ചിൽ ആയുധങ്ങൾ തളയ്ക്കുന്ന മാതിരിയാണ്. അങ്ങനെ പകുതി വേർപെട്ട ആഅരുവി എന്നും നെഞ്ചുരുകി ദൈവത്തോട് തേങ്ങി കരയുമായിരുന്നു. ഒരു ദിവസം അതിന്റെ തേങ്ങൽ മാറ്റാൻ വേണ്ടി ദൈവം കേരളത്തിലെ മനുഷ്യർക്ക് തിരിച്ചടിയായി ഒരു മഹാപ്രളയം സമ്മാനിച്ചു.ആരും ഒരിക്കലും അത് പ്രതീക്ഷിക്കാതെ അവർ അഹങ്കരിച്ച് നടന്നു. ആ പ്രളയത്തിൽ പകുതി

മുറിഞ്ഞ അരുവി , മറ്റു കുറേ അരുവികൾ ഇതിനെപ്പോലെ വേർപിരിഞ്ഞ് പോയിട്ടുണ്ട്. അതിനാൽ അവരെല്ലാം അത് തിരിച്ചടിച്ചുകൊണ്ട് മനുഷ്യരുടെ സമ്പത്തായ പറമ്പുകളെല്ലാം നശിപ്പിച്ച് അതിന്റെ മുറിച്ചുമാറ്റിയ ഭാഗങ്ഘലളെല്ലാം ഒന്നിച്ചൊഴുകി. അത് കേരളത്തിലെ മനുഷ്യർക്ക് ഒരു പാഠമായി. അവർക്ക് മതമില്ല ജാതിയില്ല ഒന്നിച്ച് ഒരുമയോടെ അതിനെ അതിജീവിച്ചു.

'ആ ഒരുമ' കാണാനാണ് ദൈവം ഒരു മാന്ത്രിക ശക്തി പ്രകടിപ്പിച്ചത്. ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാവരും ഒന്നിച്ച് ആ പ്രളയത്തെ നേരിട്ടത്. ആ പ്രളയം കഴിഞ്ഞതോടെ എല്ലാവരും ഒത്തൊരുമയോടെ അതിനെ അതിജീവിച്ചു.ആ പ്രളയം കേരളത്തിലെ മനുഷ്യർ ഒരിക്കലും മറക്കാത്ത വിപത്താണ്. ഇതുപോലെ കുറെയധികം മനുഷ്യർ അരുവിയും പുഴയും മാലിന്യം നിറച്ചും നെൽകൃഷികൾ മണ്ണിട്ട് നികത്തി ഫ്ളാറ്റുകളും മറ്റും വെച്ച് ഭൂമിയെ നശിപ്പിച്ച് ജീവിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ചെയ്യുന്ന ഓരോ മനുഷ്യർക്കും തിരിച്ചടിയാണ് ഈ പ്രളയം . ഇനി ഈ പ്രകൃതിയെ നശിപ്പിക്കുന്ന ഒരു പ്രവർത്തിയും നമ്മുടെ കേരളത്തിൽ നടക്കാൻ പാടില്ല. അതിനാൽ എല്ലാവരും ഉച്ചത്തിൽ ഇത് വിളിച്ചുപറയാൻ സന്നദ്ധമായിരിക്കണം.

*****

# എന്റെ വിദ്യാലയം

ഇന്നലെയെന്നപോലോർക്കുന്നു
ഞാനെന്റെ പുണ്യപ്രദയാർന്ന വിദ്യാലയം
കൊച്ചുകുരുന്നുകൾ ഓടിക്കളിക്കുന്ന
കൊച്ചുമൈതാനിയിൽ ചെന്നു ഞാനും
ഓടിക്കളിക്കുന്ന കൂട്ടരോടൊത്തു ഞാൻ
വാടിത്തളർന്നങ്ങു നിന്ന നേരം
പിച്ചവെച്ചെത്തിയ കൊച്ചുകാറ്റെന്റെ
മൂർദ്ധാവിലെന്തിനോ! ഉമ്മവെച്ചു .
അങ്ങനെ നിൽക്കവെ കേട്ടു മണിനാദം
മുന്നമങ്ങോടി ഞാൻ ക്ളാസ്സിലേക്ക്
ഇത്തിരിനേരം കഴിഞ്ഞു ഞാൻ നോക്കുമ്പോൾ
മെല്ലെയണയുന്നെൻ കൊച്ചുടീച്ചർ
ടീച്ചറെൻ ചാരത്തു വന്നുനിന്നെന്റെ
മേനിയിൽ മെല്ലെ തലോടിടുമ്പോൾ...
കൊഞ്ചുന്ന വാമൊഴിയോടെ ഞാൻ
ചോദിച്ചെൻ പിഞ്ചു മനസ്സിലെ സംശയങ്ങൾ
ഒന്നൊഴിയാതെന്റ ശങ്കകൾ
തീർത്തൊരെൻ ടീച്ചറെയിന്നു
ഞാൻ ഓർത്തിടുന്നു......

# ഭൂമിയും ഞാനും

പല പല നാളുകൾ ഞാനൊരു
പുഴുവായ് ഞാൻ പവിഴക്കൂട്ടിലുറങ്ങി ഇരുളും പകലും
വെട്ടമറിയാതെ  ഇരുന്നു ഞാൻ ,
നാളുകൾ നീക്കി ഞാൻ
അരളിയും ചെത്തിയും തലനീട്ടി
ആരുമറിയാതെ വീശും കാറ്റായി ഞാൻ ,
കുലുങ്ങി കുലുങ്ങി വീഴാതെ നിന്നു ഞാൻ.
ഒരുനാൾ സൂര്യനുദിച്ചപ്പോൾ
പലക്കുറി  ഞാൻ ഉണരുമ്പോൾ
വിടരും ചിറകു വീശി ഞാനൊരു ചിത്രശലഭമായി
വിടർന്നും പനിനീർപ്പൂവിൽ
പറന്നും പറ്റി നിറഞ്ഞാടിയും
പൂവായി ഞാൻ ഈ ഭൂമിയിൽ.

# മദ്യവും മനുഷ്യനും

വിനുവിൻെറ അമ്മ നേരത്തെ മരിച്ചു പോയിരുന്നു. അച്ഛൻ തികഞ്ഞ മദ്യപാനിയായിരുന്നു.വിനു ചോദിക്കുമ്പോൾ അമ്മ മരിച്ചതുകൊണ്ടാണ് ഞാനിങ്ങനെ മദ്യപിക്കുന്നതെന്ന് അച്ഛൻ പലപ്പോഴും പറയുമായിരുന്നു.വിനുവിനു അച്ഛൻെറ ഈ പോക്കിൽ ഭയമുണ്ടായിരുന്നു.അമ്മയുടെ കുടുംബക്കാരാണ് വിനുവിനെ നോക്കിയിരുന്നത് .

അവൻെറ അച്ഛൻ ഇതൊന്നും അറിഞ്ഞിരുന്നില്ല . അയാൾ കൂട്ടുക്കാരോടൊത്ത് മദ്യപിച്ച് ഉല്ലസിച്ച് നടന്നു . മകൻെറ കാര്യം അയാൾ മറന്നുപ്പോയിരുന്നു. വിനുവിനെ പലപ്പോഴും തല്ലുമായിരുന്നു, ലഹരിയിൽ അയാൾക്ക് സ്വയബോധം നഷ്ട്പ്പെട്ടു .അയാൾ പതുക്കെ പതുക്കെ ഒരു ക്യാൻസർ രോഗിയായി മാറുകയായിരുന്നു.

വിശ്വൻ മകനിൽ നിന്നും അത് മറച്ചുവെച്ചു. ഒരു നാൾ അത് മറനീക്കി പുറത്തുവന്നു . ഒരു ദിവസം വിനു സ്കൂൾ കഴിഞ്ഞ് വന്നപ്പോൾ കണ്ട കാഴ്ച്ച വളരെ ദയനീയമായിരുന്നു. വിശ്വൻ മരണത്തിനു കീഴടങ്ങി. അച്ഛൻെറ മരണത്തോടെ ഒരു തീരുമാനം എടുത്തു. ഞാൻ മദ്യപാനി ആകുകയില്ല.

# അമ്മ

അമ്മ എന്ന രണ്ടക്ഷരത്തിൽ ഉണരുന്നു വാത്സല്യം
സ്നേഹ പന്തലൊരുക്കി കാത്തിരുന്ന നിൻ കരം
കുഞ്ഞു സ്വപ്നങ്ങൾ മനസ്സിൽ ഉണർത്തുന്ന സ്നേഹം
അതിനായി ജീവാർപ്പണം ചെയ്തിടുന്ന നിൻ സ്നേഹം
അഴകിൻ വസന്തമായി നീ എന്നിൽ നിറയും
കനിവായി ചാരത്തണയും രൂപം
സ്നേഹത്തിൻ മഴയായി പൊഴിയുന്നൊരമ്മ
ദുഃഖത്തിൽ തണലായി നിന്നിടും
അറിവിൻ നന്മ പകർന്നിടും സ്നേഹം
പകർന്നുതന്നു നന്മ മൊഴികൾ
സ്നേഹം മാത്രം പകരുന്ന ഹൃദയം
മനസ്സിൽ എന്നും ഒരു പൂവായി വിടരും
ഒരിക്കലും മായാത്ത നിൻ ചെറുപുഞ്ചിരി.

# ജലവും പുതുതലമുറയും

ജലം അമൂല്യമാണ്. നമ്മുക്കാവശ്യം ദാഹജലമാണ്. നമ്മുടെ ജീവൻെറ നിലനിൽപ്പിന് വെള്ളം ആവശ്വമാണ്. മനുഷ്യനും മറ്റ് എല്ല ജീവജലങ്ങൾക്കും വെള്ളം ആവശ്യമാണ്. ജലത്തിന് വേറെ എന്ത്പേരുകൾ നൽകിയാലും , ജലത്തിന് അതിൻെറ മൂല്യം നഷ്ടമാകുന്നില്ല. അതിന് വിലനിശ്ചയിക്കാൻ നമുക്ക് കഴിയില്ല. ഇന്നലെ വരെ നമ്മൾ ജല തടാകങ്ങളും കുളങ്ങളും തോടുകളും കിണറുകളും വറ്റിക്കൊണ്ടിരിക്കുകയാണ്. എവിടേയും കെട്ടിടങ്ങൾ മാത്രം.

ഇന്നത്തെ തലമുറ വയലുകൾ നിരത്തി വലിയ വലിയ കെട്ടിടം പണിയുന്നു. പണ്ടൊക്കെ നമ്മൾ നെല്ലപ്പാടങ്ങൾ കണ്ടാ നാം ജീവിച്ചുവന്നത്. മുത്തച്ഛൻമാരുടെ പഴഞ്ചൊല്ലുകൾ കേട്ടും അവരുടെ അനുഭവങ്ങളിലൂടെയും ആണ് നമുടെ മക്കൾ വളരെണ്ടത്. ഇന്ന് പാടങ്ങൾ വാക്കുകളിൽ ഒതുങ്ങിയിരിക്കുന്നു. നഗരവാസികൾക്ക് വെള്ളത്തിൻെറ മഹത്ത്വം അറിയില്ല. അവർ വെള്ളം സംരക്ഷിക്കുകയോ, അതിൻെറ മൂല്യം മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുകയോ ചെയ്യുന്നില്ല , എന്തിന് മറ്റുള്ളവരുടെകാര്യങ്ങളിൽ പോലും ഇടപെടുന്ന കാര്യത്തിൽ മലയാളികൾ പിറകിലാണ്. തൻെറ വീടിന് അടുത്ത് താമസിക്കുന്ന അയൽക്കാരനെ പോലും അവർക്ക് അറിയില്ല. പുതിയ പണം സംബധ്ധത്തിലും ചെറിയ ഫ്ലാറ്റ് ജീവിതത്തിലും ഒതുങ്ങിയിരിക്കുന്നു. അതുകൊണ്ട് കുടുംബബന്ധത്തിൻെറ കെട്ടുകൾ കൂടുതൽ ഊട്ടി ഉറപ്പിക്കാൻ കഴിയാത്തത് ഇക്കൂട്ടർ മനസ്സിലാക്കുന്നില്ല. ഇന്നത്തേ സമൂഹം വെള്ളത്തിനും ജീവിതത്തിനും വിലനൽകുന്നില്ല. വെള്ളം നിറച്ച വെയ്സ്റ്റ്ക്കായി കുപ്പികളും മറ്റും നമ്മൾ ഉപയോഗിക്കുന്നു.
അതുകൊണ്ട് നമുടെ പുഴകളും ചെറിയ ജല ശ്രോതസ്സ് നഷ്ട്മാകുന്നു. ദൈവത്തിൻെറ സൃഷ്ടിയാണ് ഈ ഭൂമി . ഈ ഭൂമി നശിപ്പിക്കാൻ

ആർക്കും അവകാശമില്ല. ഇതു സംരക്ഷിക്കുകയെന്നതാണ് ഒരു മല യാളിയുടെ ധർമ്മം. ജലം സംരക്ഷിക്കാനുള്ള പല പദ്ധതികളും ഇന്ന് സമൂഹത്തിൽ ഉണ്ട്. ഈ ഭൂമിയേ അതിൻെറ എല്ലാ സൗന്ദര്യവുംനഷ്ടപ്പെട്ടുപ്പോകാതെനിലനിർത്താൻ നമുക്ക് കഴിയണം.

ഈ ഭൂമിയാണ് നമുടെ അമ്മ. മക്കൾ അമ്മമാരെ ഹൃദയത്തോട് ചേർത്തു നിർത്തുന്നതുപ്പോലെ തന്നെ നമ്മൾ ഈ ഭൂമിയേയും ഹൃദയത്തോട് ചേർത്തുനിർത്തണം. മാതാവിനെ പരിചരിക്കുന്നതുപോലെ തന്നെ നാം ഈ ഭൂമിയേയും പരിചരിക്കണം. നമുക്ക് വേണ്ടതെല്ലാം നൽകിയും മനോഹരക്കാഴ്ച്ചകൾ ഒരുക്കിയും നമ്മളെ തൃപ്തരാക്കുന്നതും ഈ ഭൂമിയാണ്.

അമ്മമാർ മക്കൾക്ക് മുലയൂട്ടുന്നതുപോലെയാണ് പ്രകൃതിയാകുന്ന അമ്മ നമ്മളെ സംരക്ഷിക്കുന്നത്. വായു , ജലം , അഗ്നി, ഭൂമി,ആകാശം എന്നീ പഞ്ചഭൂതങ്ങൾ മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമാണ്. അതിൽ ഏറ്റവും പ്രധാനം വായു ,ജലം . പക്ഷേ ഇവ നശിപ്പിക്കാനാണ് മനുഷ്യൻ ശ്രമിക്കുന്നത്. വായു മലിനീകരണം സമൂഹത്തിൽ കൂടിവരുകയാണ്. കൂടാതെ ചപ്പുചവറുകൾ കത്തിക്കുകയും. അത് വായുവിൽ കലർന്ന് പല രോഗങ്ങൾക്കും കാരണമാകുന്നു. അതു കൊണ്ട് പ്രകൃതിക്ക് നേരെ വരുന്ന അക്രമങ്ങൾ ചെറുക്കാൻ പ്രകൃതി മതിൽ തീർക്കാം...

# കേരളത്തിൽ മതങ്ങൾ




മതങ്ങൾ എന്നത് ഓരോ വ്യക്തിയുടെയും വ്യക്തിപരമായ അവകാശമാണ്. ഏത് മതത്തിൽ വിശ്വസിച്ചാലും എല്ലാവർക്കും. ഒരാൾ തന്നെ ദൈവം. ധർമ്മം കാത്തുസൂക്ഷിക്കുന്ന ആ ദൈവം എല്ലാവരെയും നേർമാർഗ്ഗത്തിലേക്ക് നയിക്കുന്നു. കേരളം ഒരു മതത്തെയും വാഴ്ത്തുന്നില്ല ഒരു ദൈവത്തെയും ന്യായീകരിക്കുന്നില്ല. മത സൗഹാർദം എന്നത് നമ്മുടെ നാടിന്റെ പ്രത്യേകതയാണ്. വേർവ്യത്യാസം ഇല്ലാതെ എല്ലാവരെയും ഒരുപോലെ കാണണം. കേരളം എന്ന നാട്ടിൽ ഒരു മതവും ഒരു ദൈവവും മാത്രം.ശ്രീ നാരായണഗുരുവിന്റെ വാക്ക് ഇവിടെ നാടിനെ ഏറെ സ്വാധീനിക്കുന്നു. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് '.

നമ്മൾ ജീവിതത്തിൽ എല്ലാവരെയുംസഹോദരങ്ങളായി കാണാൻ പഠിക്കണം. എല്ലാ മതങ്ങളും കാട്ടി തരുന്നത് ചൈതന്യമേറിയ ഒരേയൊരു ദൈവത്തിന്റെ മുഖമാണ്.......

# നന്മ നിറഞ്ഞ കേരളം

കേരളീയർ എന്ന് പറഞ്ഞ് നാം ഓരോരുത്തരും അഭിമാനിക്കാറുണ്ട്. കേരള സംസ്കാരവും, കലകളും, ഭാഷയും ഓരോ മലയാളിയുടെയും ഹൃദയത്തിൽ രോമാഞ്ചം ഉളവാക്കുന്നു. ജാതി- മത- ഭേദമന്യേ നാം എല്ലാ ഉത്സവങ്ങളും ആണ്ടറുതികളും ആഘോഷിക്കാറുണ്ട്. അതുകൂടാതെ വർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ മറ്റുള്ളവരെ സഹായിക്കുവാനും കേരളിയ ജനതയ്ക്ക് സാധിക്കുന്നു.

നമ്മുടെ കേരളത്തെപിടിച്ചുകുലുക്കിയ ഏറ്റവും വലിയ വിപത്താണ് പ്രളയം. പ്രളയകാലത്ത് നമ്മുടെയൊക്കെ വീട്ടിൽ വെള്ളം കയറുകയും സാധനസാമഗ്രികൾ നശിക്കുകയും ചെയ്തു. ഇത്ര വലിയ പ്രളയത്തെ പോലും നമ്മുടെ കേരള ജനത ഒറ്റക്കെട്ടായി നിന്ന് മനക്കരുത്തോടെ പരാജയപ്പെടുത്തി. പ്രളയം കഴിഞ്ഞപ്പോഴാണ് നമ്മുടെ ഉള്ളിലുള്ള പല നല്ല മൂല്യങ്ങളും വെളിയിലേക്ക് പ്രകടമായത്.

പ്രളയബാധിതർ മാനസികമായും ശാരീരികമായും വെല്ലുവിളി നേരിട്ടിരുന്നു. പിന്നീട് അവർ മനസ്സിലുള്ള ദുഃഖങ്ങളെയെല്ലാം നിർവീര്യമാക്കിക്കൊണ്ട് ആ മഹാ പ്രളയത്തെ അതിജീവിച്ചു. ധാരാളം നല്ലവരായ മനുഷ്യരുടെ സഹായ ഹസ്തങ്ങൾ പ്രളയകാലത്ത് കേരള ജനതയ്ക്ക് താങ്ങും തണലുമായി ഉണ്ടായിരുന്നു. മറ്റുള്ളവരുടെ സഹായത്തോടെയാണ് പലരും സ്വന്തം ജീവൻപോലും പ്റളയത്തിൽ നിന്നും രക്ഷിച്ചത്. ഉള്ളതുക്കൊണ്ട് സംതൃപ്തിപ്പെട്ട് ആർക്കും ഉപദ്രവം ഇല്ലാതെ ജീവിക്കേണ്ടത് എങ്ങനെയാണന്നുള്ള ഒരു ഗുണപാഠം കൂടി മഴ നമ്മെ പഠിപ്പിച്ചു....

# മഴയോട്



മഴയായി എന്റെ മനസിൽ
തുള്ളി തുള്ളിനിന്ന സ്വപ്നമേ
എവിടെ പോകുന്നു നീ.........
സൂര്യനെ നോക്കി
കാർമേഘങ്ങൾ
കരയാനായി ശ്രമിക്കുന്നു

പൊട്ടികരഞ്ഞ് മണ്ണിലെക്ക്
വിഴും
മണ്ണിൻ പുതുഗന്ധം പരത്തി
തുള്ളി തുള്ളിയായി മഴയേ...............

ജിവിതം മൊട്ടിട്ടുയർന്നതു
പെരുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയൊളിക്കും
കാതങ്ങൾ നമ്മൾ
തുള്ളി തുള്ളിയായി മഴയേ...................

# പരിസ്ഥിതി ദിനം





## വായനാദിനം





# പച്ചക്കറിത്തോട്ടം







# ലിറ്റിൽകൈറ്റ്സ്









കുട്ടിപ്പട്ടങ്ങൾ



